# വിജ്ഞാനം ആരെയും തേടിപ്പോകാറില്ല

• സഊദ് മുത്തനൂർ

ബഗ്ദാദിലെ ഹാറൂൻ റശീദ് ചരിത്രപ്രസിദ്ധനായ ഭരണാധികാരിയായിരുന്നു. ഒരിക്കൽ അദ്ദേഹം അറേബ്യയിലെ മദീന സന്ദർശിക്കാൻ പുറപ്പെട്ടു. അമീൻ, മഅ്മൂൻ എന്നീമക്കളെയും അദ്ദേഹം മദീനാ യാത്രയിൽ ഒപ്പം കൂട്ടി.

മദീനയിൽ അന്ന് പ്രസിദ്ധമായ ഒരു പാഠശാലയുണ്ടായിരുന്നു. പ്രവാചകന്റെ പള്ളിയായി അറിയപ്പെടുന്ന മസ്ജിദുന്നബവിയിലാണ് അത് പ്രവർത്തിച്ചിരുന്നത്. പ്രസിദ്ധനായ ഗുരുവര്യൻ ഇമാം മാലിക് ആയിരുന്നു അവിടത്തെ പ്രധാനധ്യാപകൻ. മുഹമ്മദ് നബിയുടെ ജീവിത പാഠങ്ങളും അതിന്റെ സാരാംശങ്ങളുമാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. ദൂരദിക്കുകളിൽ നിന്നു പോലും വിദ്യാർത്ഥികൾ വിജ്ഞാനം തേടി ഇമാം മാലികിനെ സമീപിച്ചിരുന്നു.

മദീനയിലെത്തി ഹാറൂൻ റശീദ് പണ്ഡിതനായ ഇമാം മാലികിനെ സന്ദർശിക്കാൻ



▸▸ കേരളത്തിലെ ഏറ്റവും വടക്കേ അറ്റത്തെ ഗ്രാമം– തലപ്പാടി

തീരുമാനിച്ചു. കൂട്ടത്തിൽ ആ കലാലയവും ഒന്ന് കാണാം. അങ്ങനെ ബഗ്ദാദ് ഭരണാധികാരി ഇമാമിന്റെ അടുക്കലെത്തി അഭിവാദ്യ പ്രത്യഭിവാദ്യങ്ങൾക്ക് ശേഷം ഖലീഫ ഹാറൂൻ റശീദ് തന്റെ ഒരാഗ്രഹം പ്രകടിപ്പിച്ചു.

തന്റെ രണ്ടു മക്കളായ അമീനെയും മഅ്മൂനെയും ഇമാം മാലിക്കിന്റെയടുക്കൽ പഠിപ്പിക്കണമെന്നായിരുന്നു ഖലീഫയുടെ ആഗ്രഹം. എന്നാൽ ഒരു പ്രശ്നമുണ്ട്. ഭരണഭാരം തലയിലുള്ളതിനാൽ ഗുരു നമ്മുടെ ഭരണ സിരാകേന്ദ്രത്തിലോ ഭവനത്തിലോ വന്ന് വിദ്യ നൽകണമെന്നാ യിരുന്നു ഖലീഫയുടെ അഭിപ്രായം. പക്ഷേ അതിന്ന് നിഷേധരൂപത്തിലായിരുന്നു ഇമാമിന്റെ മറുപടി. അദ്ദേഹം പറഞ്ഞു: ''താങ്കളുടെ ആശ കൊള്ളാം. പക്ഷേ വിജ്ഞാനം ആരെയും തേടിപ്പോകാറില്ല. അതിനെ തേടിവരികയാണ് പതിവ്. വിജ്ഞാനത്തിന് ഒരു അന്തസ്സ് ഉണ്ട്. താങ്കൾ അത് കെടുത്തിക്കളയരുത്'' ഇമാം വ്യക്തമാക്കി. ''ശരി, അവരിരുവരെയും ഇങ്ങോട്ടയക്കാം'' ഖലീഫ സമ്മതിച്ചു. ''എന്നാൽ ഒരു കാര്യമുണ്ട്. അവരെ മറ്റു കുട്ടികളുടെ കൂട്ടത്തിലിരുത്താതെ അവർക്ക് മാത്രമായി ക്ലാസ് കൊടുക്കണം.'' ഭരണാധികാരി പുതിയ നിബന്ധന മുന്നോട്ടുവെച്ചു.

''സാധ്യമല്ല.'' ഇമാം മാലിക് തറപ്പിച്ചു പറഞ്ഞു. പിന്നീട് അദ്ദേഹം വിശദീകരിച്ചു: ''ലോകഗുരുവായ മുഹമ്മദ് നബി എല്ലാവരെയും ഒന്നിച്ചിരുത്തിയാണ് പാഠങ്ങൾ പഠിപ്പിച്ചതും പരിശീലിപ്പിച്ചതും. ഇസ്ലാമിക സാഹോദര്യത്തിൽ വലുപ്പ ചെറുപ്പമില്ല. ഒരു സാധാരണ മനുഷ്യനും രാജ്യം ഭരിക്കുന്ന ഖലീഫയും ഇവിടെ സമാസമം മാത്രം. തിരുനബി കാണിച്ചു തന്ന പാതയിൽ നിന്ന് തെറ്റുകയോ അതിന്റെ അച്ചടക്കം ലംഘിക്കുകയോ ചെയ്യാൻ നമുക്ക്പറ്റില്ല.'' ഹാറൂൻ റശീദ് ഇമാമിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടു. അതിന്റെ പൊരുൾ ഉൾക്കൊണ്ട ഹാറൂൻ റശീദ് മക്കൾ ഇരുവരെയും പഠനത്തിനായി ഇമാമിന്റെ അടുക്കലേക്ക് അയക്കാൻ തീരുമാനമെടുത്താണ് ബഗ്ദാദിലേക്ക് മടങ്ങിയത്.

◆



## വിഷത്തവള

അമേരിക്കയിലെ കൊളംബിയയിൽ കാണപ്പെടുന്ന കൊക്കോയ് എന്ന തരം തവളകളുടെ തൊലിയിൽ ഭയങ്കരമായ വിഷം അടങ്ങിയിട്ടുണ്ട്. പണ്ട് അവിടെ വസിച്ചിരുന്ന റെഡ് ഇന്ത്യൻ വംശജർ ഈ വിഷമെടുത്ത് അമ്പുകളിൽ പുരട്ടി ശത്രുക്കളെ കൊല്ലാൻ ഉപയോഗിച്ചിരുന്നു. വെറും ഒരിഞ്ചു മാത്രം നീളം വരുന്ന ഒരു കൊക്കോയ് തവളയുടെ ശരീരത്തിൽ നിന്നും 50 മനുഷ്യരെ വരെ കൊല്ലാനുള്ളത്രയും വിഷം ലഭിക്കും.

▸▸ മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചതെന്ന്– 2013 മെയ് 23